# പള്ളികഥകൾ

## മിനികഥകൾ അന്ത്രത്തിമൂന്ന്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ ഇപ്പോൾ പറയാൻ പോകുന്ന കഥ എന്താണെന്ന് നമ്മൾക്ക് ശ്രദ്ധിക്കാം. മിക്കവാറും എന്തെങ്കിലും ഗുണപാഠം ഉൾക്കൊള്ളുന്ന കഥകളാണ് പറയാറുള്ളതെന്ന് നമ്മൾക്ക് ഇതിനോടകം മനസ്സിലായിട്ടുണ്ടല്ലോ.

## ഏർക്കണ്ടീഷൻട്

അമേരിക്കയിലെ ഒരു സാധാരണ പള്ളിയിൽ നടന്ന സംഭവമാണിത്. ഏകദേശം എണ്പതോളം കുടുംബങ്ങൾ ഉള്ള ഒരു ഇടവകയാണത്. അമേരിക്കയിൽ അത്രയും ആൾക്കാരുള്ള പള്ളി വലിയ ഇടവകയുടെ ഇനത്തിൽ പെടുത്താവുന്നതാണ്. മിക്കവാറും സാമ്പത്തിക ഭദ്രത ഉള്ളവരാണ്. വളരെ അപൂർവ്വം കുടുംബങ്ങൾ മാത്രമേ പ്രയാസങ്ങൾ അനുഭവിക്കുന്നവരായിട്ടുള്ളു. അറുപതിനു മേൽ പ്രായമുള്ള ഒരു വല്ല്യച്ചനാണ് വികാരി.

എല്ലാ വർഷവും മൂന്നോ നാലോ മെത്രാച്ചന്മാർ ആ പള്ളിയിൽ വന്നു പോകാറുണ്ട്. ചിലർ വരുന്നത് പിരിവു പരിപാടിയുമായിട്ടാണ്. മറ്റു ചിലർ ആ പള്ളിയിലുള്ള ഭക്ത ജനങ്ങളെ അനുഗ്രഹിക്കാൻ വേണ്ടി മാത്രമാണ്. അവർ തന്നെ പറയും "ഞാൻ യാതൊരു പിരിവിനുമല്ല വന്നത്." എന്തായാലും ജനങ്ങൾക്കും അവരുടെ മക്കൾക്കും ഇവർ വരുന്നത് വളരെ സന്തോഷമാണ്.

പള്ളിയിൽ ഏതെങ്കിലും ഒരു മെത്രാച്ചൻ വന്നാൽ അദ്ദേഹത്തെ വീട്ടിൽ കൊണ്ടു പോയി താമസിപ്പിക്കുന്നതും കാര്യങ്ങൾ എല്ലാം നോക്കുന്നതും എല്ലാവർക്കും വലിയ സന്തോഷമുള്ള കാര്യമാണ്. പോരാത്തതിന് അത് ആ വീട്ടുകാർക്ക് ഒരു ഗമയുമാണ്.

ശമുവേലും ഏലിയും ആ ഇടവകയിലെ ഒരു മാതിരി ഭേദപ്പെട്ട ഒരു കുടുംബമാണ്. നാട്ടിൽ വളരെ ദാരിദ്ര്യത്തിൽ കഴിഞ്ഞിരുന്നവരാണ്. ശമുവേൽ പട്ടാളത്തിൽ ജോലിയായിരുന്ന കാലത്ത് ഉത്തരേന്ത്യയിൽ വെച്ച് കണ്ട് പ്രേമിച്ച് വിവാഹം ചെയ്തവരാണ്. ഏലി സത്യത്തിൽ ഓർത്ത്ഡോക്സുകാരിയല്ല. വിവാഹം കഴിഞ്ഞതോടെ ഇവിടെ ആയതാണ്. ദൈവാനുഗ്രഹം കൊണ്ട് നേഴ്സായ ഏലി മുഖാന്തിരം അവർ അമേരിക്കയിൽ എത്തി. അവർക്ക് രണ്ടു പെൺമക്കളുമുണ്ട്. ഏലി നല്ല സുന്ദരിയുമാണ്. എന്തായാലും അവർ അമേരിക്കയിൽ വന്നതോടെ നാട്ടിലെ അവരുടെ രണ്ടു പേരുടേയും വീടുകളും പുതുക്കി വലിയ ബംഗ്ലാവുകളാക്കി.

അവർ അമേരിക്കയിൽ വന്നിട്ട് ഏകദേശം ഇരുപതു വർഷമായിട്ടും ഇപ്പോൾ ആദ്യമായാണ് ഒരു മെത്രാച്ചനെ വീട്ടിൽ കൊണ്ടു താമസിപ്പിച്ച് സൽക്കരിക്കാൻ അവസരം കിട്ടിയത്. അവർക്ക് രണ്ടു പേർക്കും സ്വർഗ്ഗം കിട്ടിയ സന്തോഷമായി വികാരിയച്ചൻ വിളിച്ച് പറഞ്ഞപ്പോൾ. അദ്ദേഹം വന്നു പോകുന്ന ഒരാഴ്ച അവർ രണ്ടുപേരും അവധിയുമെടുത്തു അദ്ദേഹത്തെ സൽക്കരിക്കാനായി. അദ്ദേഹത്തെ സൽക്കരിക്കേണ്ട ചിട്ടവട്ടങ്ങളെ പറ്റി വികാരിയച്ചൻ വിശദമായി അവരെ പറഞ്ഞു മനസ്സിലാക്കി.

ശമുവേൽ ഒരു കമ്പിനിയിൽ തുഛമായ വേതനം കിട്ടി ജോലി ചെയ്യുന്ന ഒരാളാണെങ്കിലും പിശുക്കത്തരത്തിന്റെ പരമാവധി ചെയ്ത് സൂക്ഷിച്ച് വെച്ച്, സ്വരൂപിച്ച് വെച്ച പണം കൊണ്ടാണ് നാട്ടിൽ രണ്ടിടത്തും വലിയ ബംഗ്ലാവുകൾ പണിതതും ഇവിടെ ഇത്രയും വലിയ ഒരു കസ്റ്റംമെയിഡ് വീട് പണിയിച്ചതും. തന്മൂലം വീടെല്ലാം എപ്പോഴും തൂത്തും തുടച്ചും എപ്പോൾ നോക്കിയാലും പുത്തൻ പോലെ വെച്ചിരിക്കുന്നതും. അയാൾ കഠിനാദ്ധ്വാനിയുമാണ്. വീട്ടിലെ പാചകമെല്ലാം ഭൂമിക്കടിയിലുള്ള ഫേസ്മെന്റിലാണ്. തന്മൂലം പാചകം ചെയ്യുന്നതിന്റെ യാതൊരു മണം പോലും അവിടെങ്ങും വരികയില്ല. ഇത്രയും നാളായിട്ടും അവരുടെ വീട്ടിൽ ആരേയും ക്ഷണിച്ച് സൽക്കരിച്ചിട്ടുപോലുമില്ല. അതെല്ലാം ചിലവാണെന്നുള്ളതാണ് അയാളുടെ അഭിമതം.

വളരെ വില കൂടിയ നല്ല ഒരു സ്ഥലത്ത് കസ്റ്റംമെയിഡ് വീടുണ്ടാക്കാൻ സാധിച്ചത് ദൈവത്തിന്റെ അനുഗ്രഹം കൊണ്ടു മാത്രമാണെന്ന് അവർ വിശ്വക്കുകയും അതുകൊണ്ട് പള്ളിയിൽ പോക്കും പ്രാത്ഥനയും പൂർവ്വാധികം വദ്ധിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും പണമിടപാടു കാര്യങ്ങളിൽ വളരെ പിശുക്കത്തരത്തിലുമാണ്. ഇതെല്ലാം കണ്ടുകൊണ്ടാണ് വികാരിയച്ചൻ മെത്രാച്ചന്റെ കാര്യം അവരെ ചുമതലപ്പെടുത്തിയതും.

വിലകുറഞ്ഞ് വീടു വാങ്ങാൻ കഴിഞ്ഞെങ്കിലും വീടിനു വേണ്ട എല്ലാ കാര്യങ്ങളും അവർ തന്നെ വാങ്ങി വെയ്ക്കുകയായിരുന്നു മെത്രാച്ചൻ വന്ന് താമസം തുടങ്ങി അവരെ പരിചയപ്പെട്ടപ്പോഴാണ് മെത്രാച്ചനും ഏലിയും ഒരേ നാട്ടുകാരാണെന്ന കാര്യം. ഇവർ രണ്ടു പേരും രണ്ടു വ്യത്യസ്ഥ സഭക്കാരായിരുന്നതു മൂലം കൂടുതൽ പരിചയം ഇല്ല. എന്നാൽ മിഡിൽ സ്ക്കൂളിൽ പഠിക്കുമ്പോൾ തൊട്ടു താഴെ ക്ലാസിലുള്ള ഈ സുന്ദരിപെണ്ണിനെ നോക്കി മെത്രാച്ചൻ നിന്നപ്പോൾ "പോടാ ചെറുക്കാ എന്നു പറഞ്ഞ് അവൾ ആട്ടിയത് ഇന്നും മെത്രാച്ചൻ ഓക്കുന്നുണ്ടെങ്കിലും അവൾ ഓക്കുന്നില്ലത് വലിയ ഭാഗ്യമായി മെത്രാച്ചൻ കരുതി. ആ നാട്ടിലെ കള്ളുപീലി എന്നറിയപ്പെടുന്നയാളിന്റെ നാലുപെൺപിള്ളേരിൽ മൂത്തവളാണിത്. ഇവളുടെ ഇളയവൾ ഇപ്പോൾ നേഴ്സിംഗ് പാസായി എപ്പോൾ വേണമെങ്കിലും അമേരിക്കയിൽ എത്തിച്ചേരാൻ സാദ്ധ്യതയിൽ നിൽക്കുകയാണ് അതിന്റെ ഇളയവൾ നേഴ്സിംഗിന് രണ്ടാ വർഷവും ഏറ്റവും ഒടുവിലത്തവൾ ഹൈസ്ക്കൂൾ പാസായി നേഴ്സിംഗിന് പ്രവേശനത്തിന് അപേക്ഷ കൊടുത്തിട്ടിരിക്കുകയാണ്. മെത്രാച്ചന് ഈ കുടുംബത്തെ നല്ലവിധത്തിൽ അറിയാം. എന്നാൽ കൂടുതൽ അറിയാമെന്ന് ഭാവിച്ചില്ല.

തൊട്ടടുത്തുള്ള ഗ്രാമത്തിലെ ശമുവേലിനേയും അറിയാം. ആ ഗ്രാമത്തിലെ കള്ളുതോമ്മായുടെ മകനാണ് ശമുവേൽ എന്നതും മെത്രാച്ചന് നല്ല വിധം അറിയാം. രണ്ടു വീടുകളിലേയും ദാരിദ്ര്യാവസ്ഥയെക്കുറിച്ചും മെത്രാച്ചന് നല്ല ബോദ്ധ്യമായി. എന്നാൽ ഒന്നും അറിയത്തില്ലന്നദ്ദേഹം ഭാവിച്ചു.

മെത്രാച്ചൻ ആ വീട്ടിൽ വന്ന് മൂന്നാം ദിവസം രാത്രിയായപ്പോൾ ആ വീട്ടിൽ ഭയങ്കര ചൂട്. പക്ഷേ, അവർക്കാക്കും അതറിയാൻ കഴിഞ്ഞില്ല. അവിടെ എയർകണ്ടീഷൻ ഉണ്ടെങ്കിലും സ്ഥിരമായി ആ വീട്ടിൽ ആരും എത്ര ചൂടുണ്ടെങ്കിലും ഉപയോഗിക്കാറില്ല. ആരെങ്കിലും വിരുന്നുകാർ വരുമ്പോൾ മാത്രമേ ആ വീട്ടിൽ അത് ഉപയോഗിക്കാറുള്ളു. മെത്രാച്ചൻ പറഞ്ഞപ്പോളാണ് അവർ അത് ശ്രദ്ധിച്ചത്. പരിശോധിച്ചപ്പോഴാണ് മനസ്സിലാകുന്നത് അവിടുത്തെ എയർകണ്ടീഷൻ പെട്ടന്ന് പ്രവത്തനരഹിതമായെന്ന്. വീട്ടിലേക്ക് വേണ്ട എല്ലാ സാധനങ്ങളും വിലപേശി ഏറ്റവും വിലകുറഞ്ഞ സാധനങ്ങൾ വാങ്ങിയ കൂട്ടത്തിൽ ഇത് അവരെ കബളിപ്പിച്ച് തീരെ വില കുറഞ്ഞത്, പഴയത് റിപ്പയർ ചെയ്ത് തൂത്തു തുടച്ച് വില സഹായത്തിന് കൊടുത്തതായിരുന്നു. പിറ്റെ ദിവസം അവധി ദിവസം. കടകൾ ഒന്നും തുറക്കാത്ത ദിവസം. മെത്രാച്ചൻ സെൽഫോണിൽ അച്ചനെ വിളിച്ച് വേറെ വീട്ടിലേക്ക് ഓടിപ്പോയി. നാണക്കേട് സഹിക്കവയ്യാതെ ആ കുടുംബം ആ പള്ളിയിൽ നിന്നും മാറി. വിദ്യാഭ്യാസ കുറവുള്ളവരുടെ ഏർകണ്ടീഷൻ വരുത്തിയ വിന.